JAGRATHA 077

Vol-1II, Issue : 3
07-01- 2009

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

## ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാന വാർത്തകൾ**

*01. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനാകില്ലെങ്കിൽ ഒറീസ സർക്കാർ പോകണം : സുപ്രീം കോടതി*

*02. സ്നേഹവും സേവനവും കർമ്മമണ്ഡലത്തിലെ മുഖമുദ്ര : കാതോലിക്കാ ബാവ*

*03. കോടതിവിധി പ്രാർഥനയുടെ ഫലം : കോട്ടയം അതിരൂപതാ വൈദികസമിതി*

*04. സത്യവും ധാർമികതയും പുലർത്താത്ത മാധ്യമങ്ങളെ പുറന്തള്ളണം: മാർ പവ്വത്തിൽ*

*05. വിശ്വാസസമൂഹം യേശുവിനായി നീട്ടപ്പെട്ട കരങ്ങളായി വർത്തിക്കണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്*

*06. സന്യാസിസമൂഹത്തെ വിളിക്കുന്നതും തെരഞ്ഞെടുക്കുന്നതും ദൈവം: മാർ ജേക്കബ് മനത്തോടത്ത്*

*07. സമൂഹം നേരിടുന്ന ദുരന്തം സ്നേഹമില്ലായ്മ : എബ്രാഹം മാർ യൂലിയോസ്*

### 01. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനാകില്ലെങ്കിൽ ഒറീസ സർക്കാർ പോകണം : സുപ്രീം കോടതി (6-1-2009)

ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ കഴിയില്ലെങ്കിൽ ഒറീസ സർക്കാർ രാജിവച്ചൊഴിയണമെന്ന് സുപ്രീം കോടതി. ഒറീസയിൽ ക്രൈസ്തവർക്കെതിരേ തുടരുന്ന അക്രമം തടയുന്നതിൽ കടുത്ത അലംഭാവമുണ്ടെന്ന് വിലയിരുത്തിയ സുപ്രീം കോടതി, സംസ്ഥാന സർക്കാരിനെ രൂക്ഷമായി വിമർശിച്ചു. ഒറീസയിൽ കേന്ദ്രസേനയെ നിലനിർത്തണമെന്നാവശ്യപ്പെട്ട് കട്ടക്- ഭുവനേശ്വർ ആർച്ച് ബിഷപ് ഡോ. റാഫേൽ ചീനാത്ത് നൽകിയ ഹർജിയിൽ വാദം കേൾക്കുകയായിരുന്നു സുപ്രീം കോടതി. ചീഫ് ജസ്റ്റീസ് കെ.ജി ബാലകൃഷ്ണൻ അധ്യക്ഷനായ ബഞ്ചാണ് കേസ് പരിഗണിച്ചത്. ലോക്സഭ തെരഞ്ഞെടുപ്പ് അടുക്കുന്നതിന്റെ പേരിൽ കേന്ദ്രസേനയെ സംസ്ഥാനത്തുനിന്ന് പിൻവലിച്ച് മറ്റിടങ്ങളിൽ വിന്യസിക്കാൻ നടത്തുന്ന നീക്കം തടയണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്. ഹർജിയിലെ ആവശ്യം അംഗീകരിച്ച കോടതി, സൈന്യം ഇപ്പോഴുള്ളതു പോലെ തന്നെ തുടരണമെന്ന് നിർദേശിച്ചു. ന്യൂനപക്ഷങ്ങൾക്കെതിരേ അക്രമമുണ്ടാകുകയില്ലെന്ന് ബോധ്യമായതിനുശേഷം മാത്രമേ സേനയെ പിൻവലിക്കാവൂ. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കേന്ദ്രം ആലോചന നടത്തണമെന്നും ജസ്റ്റീസുമാരായ മാർക്കണ്ഡേയ കഡ്ജു, പി. സദാശിവം എന്നിവർ ഉൾപ്പെട്ട ബഞ്ച് നിർദേശിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ സുരക്ഷയ്ക്ക് വേണ്ട നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവെന്ന് മുതിർന്ന അഭിഭാഷകൻ കെ.കെ വേണുഗോപാൽ അറിയിച്ചപ്പോഴാണ് ഒറീസ സർക്കാരിനെ സുപ്രീം കോടതി രൂക്ഷമായി വിമർശിച്ചത്. വി.എച്ച്.പി നേതാവ് ലക്ഷ്മണാനന്ദ സരസ്വതിയുടെ വധവുമായി ബന്ധപ്പെട്ട് തെളിവില്ലാത്ത ആരോപണത്തിന്റെ പേരിൽ ക്രൈസ്തവ സമുദായാംഗങ്ങളെ തെരഞ്ഞുപിടിച്ച് ആക്രമിച്ച സംഭവം ലോകത്തെ നടുക്കിയിരുന്നു.

അക്രമങ്ങൾ തടയുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സുപ്രീം കോടതി നൽകിയ എല്ലാ നിർദേശങ്ങളും ശരിയായ രീതിയിൽ പാലിച്ചുവെന്ന് സംസ്ഥാന സർക്കാർ ബോധിപ്പിച്ചു. എന്നാൽ, ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. എന്നാൽ, നിങ്ങൾ നടപടിയെടുത്തത് 50,000-ത്തോളം വരുന്ന ന്യൂനപക്ഷ സമുദായംഗങ്ങൾ കാടുകളിലേക്ക് പലായനം

ചെയ്തതിന് ശേഷമാണ് : പരമോന്നത കോടതി ഓർമിപ്പിച്ചു. ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്നത് അനുവദിക്കാനാവില്ലെന്ന് ജസ്റ്റീസ് മാർക്കണ്ഡേയ കഡ്ജു പറഞ്ഞു.

ന്യൂനപക്ഷ സമുദായങ്ങളെ സംരക്ഷിക്കാൻ കഴിയില്ലെങ്കിൽ സംസ്ഥാന സർക്കാർ രാജിവച്ചൊഴിയണം. ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കണം. ഒരു ന്യൂനപക്ഷ സമുദായത്തിനും രാജ്യത്ത് സുരക്ഷിതമില്ലാത്ത സ്ഥിതിയുണ്ടാവരുത്: ജസ്റ്റീസ് കഡ്ജു ചൂണ്ടി ക്കാട്ടി.കലാപത്തിൽ തകർക്കപ്പെട്ട ആരാധനാലയങ്ങൾ പുനർനിർമിക്കാൻ സഹായം നൽകുന്നതിൽ വിവേചനം പാടില്ലെന്ന് സുപ്രീം കോടതി നിർദേശിച്ചു. ക്രൈസ്തവരോട് വിവേചനം കാട്ടുന്നു വെന്ന ഹർജിയിലെ ആരോപണത്തിന്, എല്ലാ ആരാധനാലയങ്ങൾക്കും ഒരുപോലെ സഹായം നൽകുന്നതിന് ചില സാങ്കേതിക തടസമു ണ്ടെന്നാണ് സർക്കാർ കോടതിയെ അറിയിച്ചത്. സർക്കാരിന്റെ നിലപാടിനെ കോടതി വിമർശിച്ചു.

അക്രമത്തിനിടെ തകർക്കപ്പെട്ട ദേവാലയങ്ങൾ പുനർനിർമിക്കാൻ സംസ്ഥാന സർക്കാർ സഹായം നൽകണമെന്ന് നേരത്തെ സുപ്രീം കോടതി നിർദേശിച്ചിരുന്നു. ദേവാലയങ്ങൾ മതസ്ഥാപനമായതിനാൽ സഹായം നൽകാനാവില്ലന്ന ഒറീസ സർക്കാരിന്റെ നിലപാടിനെ കഴിഞ്ഞ ഒക്ടോബറിൽ കേസ് പരിഗണിച്ചപ്പോഴും കോടതി വിമർശിച്ചിരുന്നു.ഇതിനിടെ, ഒറീസയിൽ മാനഭംഗത്തിനിരയായ കന്യാസ്ത്രീ തന്നെ പീഡിപ്പിച്ചവരിൽ രണ്ടു പേരെ തിരിച്ചറിഞ്ഞു. ഹൈക്കോടതി നിർദേശത്തെത്തുടർന്ന് അന്വേഷണ സംഘം ഇന്നലെ ബുവനേശ്വറിൽ നടത്തിയ തിരിച്ചറിയൽ പരേഡിലാണ് കന്യാസ്ത്രീ രണ്ടുപേരെ തിരിച്ചറിഞ്ഞത്.

**02. സ്നേഹവും സേവനവും കർമമണ്ഡലത്തിലെ മുഖമുദ്ര : കാതോലിക്കാ ബാവ** (6-1-2009)

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിൽ സ്നേഹവും, ഐക്യവും, സേവനവും കൈമുതലാക്കി വിശ്വാസസംരക്ഷകരായി മാറണമെന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. വടശേരിക്ക സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ റാന്നി പെരുനാട് വൈദിക ജില്ല മലങ്കര കാത്തലിക് അസോസിയേഷൻ വാർഷിക സമ്മേളനത്തിന്റെ സമാപന യോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവസ്നേഹം ഉള്ളിൽ വഹിക്കുന്നവർക്കു മാത്രമേ സമൂഹത്തിനും, സഭയ്ക്കും പ്രയോജനപ്രദമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാകാൻ കഴിയൂവെന്ന് കാതോലിക്കാ ബാവ ചൂണ്ടിക്കാട്ടി. വിവിധ മേഖലകളിൽ നേട്ടം കൈവരിച്ച പ്രവർത്തകരെ അദ്ദേഹം പൊന്നാട അണിയിച്ച് ആദരിച്ചു. വൈദിക ജില്ലാ പ്രസിഡന്റ് സണ്ണി കണ്ണംമണ്ണിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ പി.സി സനൽകുമാർ മുഖ്യപ്രഭാഷണവും, സുവനീർ പ്രകാശനവും നിർവഹിച്ചു.അതിരൂപത ആത്മീയ ഉപദേഷ്ടാവ് ഫാ.ഹോർമിസ് പുത്തൻവീട്ടിൽ, ഫാ.തോമസ് മരോട്ടിമൂട്ടിൽ, ഫാ.വർഗീസ് കൂത്തനേത്ത്, സജി അലക്സാണ്ടർ, ടി.എ രാജു എന്നിവർ പ്രസംഗിച്ചു.രാവിലെ നടന്ന കുർബാനയ്ക്ക് വടശേരിക്കര പള്ളി വികാരി ഫാ.ജോൺ വർഗീസ് പാലനിൽക്കുന്നതിൽ നേതൃത്വം നൽകി. കുർബാനയേ തുടർന്നു നടന്ന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപ്പിനഴികത്ത് ശാന്തകുമാരി ഉദ്ഘാടനം ചെയ്തു.

**03. കോടതിവിധി പ്രാർഥനയുടെ ഫലം: കോട്ടയം അതിരൂപതാ വൈദികസമിതി** (03-01-2009)

ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ട വൈദികർക്കും കന്യാസ്ത്രീയ്ക്കും ഒടുവിൽ നീതി ലഭിച്ചത് സഭ മുഴുവന്റേയും പ്രാർഥനയുടെ ഫലമാണെന്നു കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിലിന്റെ അധ്യക്ഷതയിൽ ചേർന്ന കോട്ടയം അതിരൂപത മലബാർ റീജൺ വൈദിക സമ്മേളനം വിലയിരുത്തി. പ്രതിസന്ധികളെ എന്നും സഹനത്തിലൂടെയും പ്രാർഥനയിലൂടെയും നേരിട്ട സഭ ഇന്നും അതേ പാതയിലൂടെ നീങ്ങുകയാണ്. അഭയയുടെ മരണവുമായി ബന്ധപ്പെട്ട് രണ്ടു വൈദികരേയും ഒരു സിസ്റ്ററിനേയും അറസ്റ്റു ചെയ്തതുമുതൽ കേരള കത്തോലിക്കാസഭാംഗങ്ങൾ പ്രകടിപ്പിച്ച ഐക്യദാർഢ്യവും അവരുടെ സഹനത്തിലുള്ള പങ്കുചേരലും വലിയൊരു ക്രൈസ്തവസാക്ഷ്യമായി മാറി. യേശു പഠിപ്പിച്ച പ്രാർഥന എന്ന മഹാ ആയുധത്തെ മുറുകെ പിടിച്ച് മുന്നേറിയതിന്റെ ഫലമാണ് പുതുവർഷപുലരിയിൽ ഈ സഹോദരങ്ങൾക്ക് ലഭിച്ച ജാമ്യം. - വൈദിക സമ്മേളനം ചൂണ്ടിക്കാട്ടി.

**04. സത്യവും ധാർമികതയും പുലർത്താത്ത മാധ്യമങ്ങളെ പുറന്തള്ളണം: മാർ പവ്വത്തിൽ** (5-1-2008 )

സത്യവും ധാർമികതയും പുലർത്താതെ വാണിജ്യത്തിനും വർഗീയതയ്ക്കും മാത്രം നിലകൊള്ളുന്ന മാധ്യമങ്ങളെ തിരിച്ചറിഞ്ഞ് അവയെ പുറംതള്ളണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. മാധ്യമങ്ങൾ ശക്തമായ വാർത്താ ഉപാധിയാണ്. എന്നാൽ, ഇക്കാലത്തെ ചില മാധ്യമങ്ങൾ വിളമ്പുന്നതെല്ലാം ശരിയല്ല. അവ നല്ല യജമാനന്മാരാകാതെ വായനക്കാരെ ഭരിക്കുന്ന അവസ്ഥയിലേക്കു മാറിയിരിക്കുന്നു. കെ.സി.വൈ. എം പേൾ ജൂബിലിയോടനുബന്ധിച്ചു കോട്ടയത്തു നടത്തിയ സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മാർ പവ്വത്തിൽ.

ആനയ്ക്കു മദമിളകുന്ന അവസ്ഥയാണ് ഇപ്പോൾ ചില മാധ്യമങ്ങൾ കാട്ടിക്കൂട്ടുന്നത്. എന്തും ചെയ്യാമെന്ന ഭാവമാണു ചില മാധ്യമസംരംഭങ്ങൾ പുലർത്തുന്നത്. നിരപരാധിയെ ക്രൂശിക്കുകയും അസത്യം പ്രചരിപ്പിക്കുകയും ചെയ്യുന്ന നീതികേടാണു ചിലർ നടത്തിവരുന്നത്. അന്ധമായ വിധേയത്വം ഒരു മാധ്യമങ്ങളോടും പാടില്ല. നല്ല മാധ്യമങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഭയ്ക്കു കടമയുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ അന്നത്തെ സാഹചര്യമനുസരിച്ച് നിലവിൽവന്ന ചില പ്രത്യയശാസ്ത്രങ്ങളെ ഇക്കാലഘട്ടത്തിൽ അധികാരത്തിനുള്ള ഉപാധിയായി ഒരു വിഭാഗം ചൂഷണംചെയ്യുന്നു. ഈ പ്രസ്ഥാനങ്ങൾ അമ്പതുകളിലും അറുപതുകളിലും റഷ്യയിലും ചൈനയിലും സഭാ നേതൃത്വത്തെ അതിക്രൂരമായി തടവറയിലടച്ചതും പീഡിപ്പിച്ചതും നാടുകടത്തിയതും മറക്കാറായിട്ടില്ല. അന്ധമായ രാഷ്ട്രീയ തിമിരം ബാധിച്ച ഒരു വിഭാഗം മാത്രമാണ് ഇത്തരം പ്രത്യയശാസ്ത്രങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്ന് ധരിക്കുന്നത്. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെ കൃത്യമായി അപഗ്രഥിക്കാനും സ്വതന്ത്രമായി ചിന്തിക്കാനും യുവജനങ്ങൾക്കു സാധിക്കണം. സ്വാർഥതയ്ക്ക് അടിമപ്പെടാതെ മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മുന്നോട്ടിറങ്ങി കെ.സി.വൈ. എം സഭയുടെ ശക്തിയായി മാറണം.- മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു.

**05. വിശ്വാസസമൂഹം യേശുവിനായി നീട്ടപ്പെട്ട കരങ്ങളായി വർത്തിക്കണം: മാർ എടയന്ത്രത്ത്** (6-1-2009)

കുടുംബക്കൂട്ടായ്മകളിലൂടെ വളർന്ന് വിശ്വാസസമൂഹം യേശുവിനായി നീട്ടപ്പെട്ട കരങ്ങളായി വർത്തിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്. അങ്കമാലി സെന്റ് ജോർജ് ഫൊറോനാ ഇടവകയിലെ കുടുംബയൂണിറ്റുകളുടെ സംയുക്തവാർഷികാഘോഷ സമാപന ത്തോടനുബന്ധിച്ച് ഹോളിഫാമിലി സ്കൂളിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. ആഴവും ആധ്യാത്മിക ആരോഗ്യവുമുള്ള ഒരു വിശ്വാസസമൂഹമാണ് അങ്കമാലിയിലേതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കുടുംബകൂട്ടായ്മകളിലൂടെയാണ് സഭയുടെ നാളത്തെ ഭാവി നിശ്ചയിക്കപ്പെടുന്നതെന്നും, ആ ഭാവി മനോഹരമായിത്തീർക്കാൻ വിശ്വാസസമൂഹം ഒന്നായി പരിശ്രമിക്കണമെന്നും ബിഷപ് പറഞ്ഞു. നിർധനർക്കായി മനോഹരമായ വീടുകൾ നിർമിച്ചു നൽകിക്കൊണ്ടിരിക്കുന്ന അങ്കമാലി ഫൊറോനയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അനുമോദിച്ചു. സമ്മേളനത്തിൽ ഫൊറോനാ വികാരിയും ഫാമിലി യൂണിയൻ ചെയർമാനുമായ ഫാ.ജോസഫ് കല്ലറയ്ക്കൽ അധ്യക്ഷത വഹിച്ചു.

ജോസ് തെറ്റയിൽ എം.എൽ.എ, നഗരസഭാധ്യക്ഷ ലില്ലി രാജു, സിസ്റ്റർ സാലസ് എഫ്.സി.സി, കൗൺസിലർമാരായ ടി.ഡി.ഡേവിഡ്, ബേബി.വി.മുണ്ടാടൻ, ട്രസ്റ്റി സി.പി.സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാമിലി യൂണിയൻ വൈസ് ചെയർമാൻ തങ്കച്ചൻ വെമ്പിളിയത്ത് സ്വാഗതവും, ജനറൽ കൺവീനർ എം.ഒ.ദേവസ്സി നന്ദിയും പറഞ്ഞു. പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിന് ഫാമിലി യൂണിയൻ സെൻട്രൽ കമ്മിറ്റി പൂച്ചെണ്ട് നൽകി ആശംസകൾ നേർന്നു. സയുക്തവാർഷികത്തോടനുബന്ധിച്ച് ഇടവകയിലെ 50 കുടുംബയൂണിറ്റുകളെയും പങ്കെടുപ്പിച്ച് നടത്തിയ കലാ-കായിക-സാഹിത്യ മത്സരങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ അമല യൂണിറ്റിനും, മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട ഡോൺ ബോസ്കോ യൂണിറ്റിനും, മികച്ച ഏയ്ഞ്ചൽ ഫോറമായി തെരഞ്ഞെടുക്കപ്പെട്ട സേക്രഡ് ഹാർട്ട് യൂണിറ്റിനും ബിഷപ്പ് ട്രോഫികൾ സമ്മാനിച്ചു.

**06. സന്യാസിസമൂഹത്തെ വിളിക്കുന്നതും തെരഞ്ഞെടുക്കുന്നതും ദൈവം: മാർ ജേക്കബ് മനത്തോടത്ത്**

സന്യാസിസമൂഹത്തെ വിളിക്കുന്നതും തെരഞ്ഞെടുക്കുന്നതും ദൈവമാണെന്ന് രൂപതാ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്. ദൈവത്തിന്റെ കരം സ്വീകരിക്കുകയും വചനം ശ്രവിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവരാണ് സന്യാസി സമൂഹം. പെരിമ്പിടാരി ഹോളിസ്പിരിറ്റ് ദേവാലയത്തിൽ നടന്ന നാല് സിസ്റ്റർമാരുടെ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണത്തിലും പങ്കെടുത്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. യഥാർത്ഥ സന്യാസി ജീവിതത്തിൽ ഇന്ന് വെല്ലുവിളികൾ ഏറെയാണ്. ദൈവഹിതത്തിൽനിന്ന് വ്യതിചലിക്കുമ്പോഴാണ് ഇത്തരം അവസ്ഥകൾ ഉണ്ടാകുന്നത്. കർത്താവിന്റെ സുവിശേഷഭാഗമാണ് നാം സ്വീകരിക്കേണ്ടതും ജീവിതത്തിൽ പകർത്തേണ്ടതെന്നും ബിഷപ് പറഞ്ഞു.

പരസ്പരസ്നേഹമാണ് ജീവിതവിജയത്തിന് അടിസ്ഥാനമെന്നും ബിഷപ് ഉദ്ബോധിപ്പിച്ചു. സിസ്റ്റർ ആൻമേരി, സിസ്റ്റർ നിമിഷ, സിസ്റ്റർ നവീന, സിസ്റ്റർ ആൽഫി എന്നിവരാണ് ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും ഏറ്റുവാങ്ങിയത്. പരിശുദ്ധ ത്രിത്വത്തിന്റെ സെന്റ് ഡൊമിനിക്കൻ സന്യാസി സമൂഹത്തിന്റെ ഭാഗമായി തീർന്നിരിക്കുകയാണ് ഈ നാലു സിസ്റ്റർമാരും. ചടങ്ങിൽ ബിഷപിനെ കൂടാതെ ഫൊറോനാവികാരി ഫാ. ജോർജ് തെരുവംകുന്നേൽ, ഫാ. ജെസ്റ്റിൻ കോലങ്കണ്ണി, ഫാ. ജോസ് മൈലംമൂട്ടിൽ എന്നിവരും മദർ സുപ്പിരീയർ സിസ്റ്റർ ടെസി, സെന്റ് ഡൊമിനിക്കൻ സിസ്റ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

**07. സമൂഹം നേരിടുന്ന ദുരന്തം സ്നേഹമില്ലായ്മ : എബ്രാഹം മാർ യൂലിയോസ്** (5-1-2009)

പരസ്പരം സ്നേഹമില്ലായ്മയാണ് ഇന്നത്തെ സമൂഹം നേരിടുന്ന വൻ ദുരന്തമെന്ന് മൂവാറ്റുപുഴ രൂപതാധ്യക്ഷൻ റവ.ഡോ. എബ്രഹാം മാർ യൂലിയോസ് മോത്രാപ്പോലീത്ത. ഉപ്പട സെന്റ് പോൾസ് മലങ്കര കത്തോലിക്കാപള്ളി സുവർണ ജൂബിലിയുടെ ഭാഗമായി നടന്ന വിവാഹജീവിതത്തിന്റെ 50-ാം വാർഷികം പൂർത്തിയാക്കിയ ദമ്പതികകളെ ആദരിക്കൽ ചടങ്ങിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. രാവിലെ ചുങ്കത്തറയിൽ എം.സി. വൈ.എം അംഗങ്ങൾ അഭിവന്ദ്യ പിതാവിനെ ബൈക്കുകളുടെ അകമ്പടിയോടെ ഉപ്പടിയിലേക്ക് ആനയിച്ചു. തുടർന്ന് ആഘോഷമായ ദിവ്യബലി നടന്നു. ഇതോടനുബന്ധിച്ച് 38 കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടന്നു.